# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**വിഷയം :-** പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. സുപ്രീം കോടതിയുടെ 29/03/2017 -ലെ സിവിൽ അപ്പീൽ നം.5203/2016, 5204-5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ ഇടക്കാല ഉത്തരവ് - 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി പട്ടിക അന്തിമ മാക്കി പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

**പരാമർശം:-**
1. പഞ്ചായത്ത് ഡയറക്ടറുടെ 17.06.1997 -ലെ 14788/93 നമ്പർ ഉത്തരവ്.
2. ബഹു. ഹൈക്കോടതിയുടെ 10/01/2008 -ലെ ഒ.പി. നം. 8395/98, 9355/98 എന്നിവയിലെ അന്തിമ വിധിന്യായം.
3. ജി.ഒ. (ആർ.റ്റി) 3225/2008/തസ്വഭവ, തീയതി. 29.08.2008.
4. ബഹു. സുപ്രീംകോടതിയുടെ 24/11/2009 ലെ സിവിൽ അപ്പീൽ നം.595/2003, 596/2003, 597/2003, 598/2003 എന്നിവിയിന്മേലുള്ള അന്തിമ വിധിന്യായം.
5. സർക്കാരിന്റെ 17.06.2010-ലെ ജി.ഒ.(ആർ.റ്റി)2010/2010/ തസ്വഭവ നമ്പർ ഉത്തരവ്
6. സർക്കാരിന്റെ 19.07.2012 -ലെ ജി.ഒ.(ആർ.റ്റി)1985/2012/ തസ്വഭവ നമ്പർ ഉത്തരവ്
7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ റ്റി.എ.നം. 171/2013 & ഒ.എ. നം. 1002/2014, 1375/2014, 735/2014 എന്നീ ഹർജ്ജികളിലെ 06.03.2015 തീയതി യിലെ അന്തിമ ഉത്തരവ്.
8. ബഹു.കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 11/03/2016 ഒ.പി(KAT)നം.120, 123, 129, 144, 145, 157, 158 &316/2015 തുടങ്ങിയ ഹർജ്ജിയിന്മേലുള്ള അന്തിമ വിധിന്യായം.
9. ബഹു. സുപ്രീം കോടതിയുടെ 29/03/2017 -ലെ സിവിൽ അപ്പീൽ നം.5203/2016, 5204-5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെ ഇടക്കാല ഉത്തരവ്.
10. സർക്കാരിന്റെ 12.04.2017 -ലെ 8993/ ഇപിബി 1/ 15/ തസ്വഭവ നമ്പർ കത്ത്.
11. ഈ ആഫീസിലെ 06/05/2017 -ലെ ഇ8-12264/17 നമ്പർ നോട്ടീസ്.
12. സ.ഉ. (സാധാ) നം.2326/2017/തസ്വഭവ തീയതി 07.07.2017.
13. സർക്കാരിന്റെ 04.08.2017 -ലെ 8993/ ഇപിബി 1/ 15/ തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ് നം: ഇ8 –12264/17, തീയതി: 19.08.2017

പഞ്ചായത്ത് വകുപ്പിൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിനെ ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജി യിൻമേൽ പരാമർശം (2) പ്രകാരം അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതും ആയതിനെതുടർന്ന് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

1960 -ലെ തിരു-കൊച്ചി പഞ്ചായത്ത് ആക്ടിനു വിധേയമായിട്ടുള്ള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥ കൾ പ്രകാരം ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നത് യു.ഡി.ക്ലർക്കുമാരിൽ നിന്നും രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാരിൽ നിന്നും 1:1 എന്ന അനുപാതം പാലിച്ചാണ്. അതായത് പ്രസ്തുത തസ്തികയുടെ ആകെ കേഡർ സ്ട്രെംഗ്ത് ആയ 435 എണ്ണത്തിൽ 218

എണ്ണം യു.ഡി.ക്ലർക്കുമാരിൽ നിന്നുള്ള സ്ഥാനക്കയറ്റം വഴിയും 217 എണ്ണം രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാരിൽ നിന്നും സ്ഥാനക്കയറ്റം നൽകിയുമാണ് നിയമനം നടത്തുന്നത്. എന്നാൽ 01.01.1990 തീയതിയിൽ ആകെ കേഡർ സ്ട്രെംഗ്ത് ആയ 435 പേരിൽ 315 പേർ യു.ഡി.ക്ലർക്ക് വിഭാഗത്തിൽ നിന്നും (പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട 36 പേർ ഉൾപ്പെടെ) ഉൾപ്പെട്ടപ്പോൾ 120 പേർ മാത്രമാണ് രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ നിന്നും പ്രസ്തുത തസ്തികയിലെ സീനിയോറിറ്റി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് കണ്ടെത്തിയിരുന്നു. ആയതിനാൽ നിശ്ചിത ക്വാട്ടാ അധികരിച്ച് നിലനിന്നിരുന്ന യു.ഡി.ക്ലർക്ക് വിഭാഗത്തിൽ നിന്നും പ്രൊവിഷണൽ ആയി സ്ഥാനക്കയറ്റം ലഭിച്ച അധികമുള്ളവർക്ക് പ്രസ്തുത ക്വാട്ടയിൽ ഉൾപ്പെടേണ്ട യഥാർത്ഥ തീയതി പ്രാബല്യത്തിൽ മാത്രമേ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം ക്രമവത്ക്കരിക്കാൻ അർഹതയുള്ളൂ എന്നതിനാൽ ടി ഉദ്യോഗസ്ഥരെ പ്രസ്തുത തസ്തികയുടെ 01.01.1990 പ്രാബല്യത്തിലുള്ള സീനിയോറിറ്റി പട്ടികയിൽ നിന്നും ഒഴിവാക്കി പുന:ക്രമീകരിക്കേണ്ടതാണെന്നും പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

പ്രസ്തുത ഉത്തരവ് പ്രകാരം അന്ന് നിലനിന്നിരുന്ന ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് വകുപ്പ് വിഭാഗം ജീവനക്കാർക്ക് അനുവദനീയമായ ക്വാട്ടയിൽനിന്നും അധികരിച്ച് ഉദ്യോഗക്കയറ്റം നൽകി സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട അധികമുള്ള യു.ഡി.ക്ലർക്കുമാരെ 01.01.1990 തീയതിയിൽ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുവാനും ഇപ്രകാരം ഒഴിവാക്കപ്പെടുന്നവരെ 1994 -ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം തുടർ സ്ഥാനക്കയറ്റങ്ങൾക്ക് പരിഗണിക്കുവാനും പരാമർശം (3) ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. മേൽപറഞ്ഞ ഉത്തരവിനെതുടർന്ന് 01.01.1990 മുതലുള്ള വിവിധ തസ്തികകളിലെ സീനിയോറിറ്റി പട്ടികകൾ തയ്യാറാക്കിയ അവസരത്തിൽ മേൽപറഞ്ഞ വിധിന്യായം വിവിധ കോടതി ഉത്തരവുകളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിഗണിച്ചിരുന്നുവെങ്കിലും ഇതുമായി ബന്ധപ്പെട്ട് തുടർ ഹർജികൾ നിലനിന്നിരുന്നു. ഇതുമായി ബന്ധപ്പെട്ട ഹർജികളിൻമേൽ പരാമർശം (7) പ്രകാരം അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് പരാമർശം (8), (9) ഉത്തരവ് പ്രകാരം ശരിവച്ചിട്ടുള്ളതുമാണ്. 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ സീനിയോറിറ്റി പട്ടിക പുതുക്കി തയ്യാറാക്കാൻ പരാമർശം (7) ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിരുന്നു.

ബഹു. സുപ്രീം കോടതിയുടെ പരാമർശം (9) ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ച് സീനിയോറിറ്റി പട്ടികകൾ തയ്യാറാക്കുവാൻപരാമർശം (10) പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. ആയതിനെത്തുടർന്ന് സീനിയോറിറ്റി പട്ടികകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങളുടെ പ്രാഥമിക ഘട്ടമെന്ന നിലയിൽ 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുകയും 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ കരട് പട്ടിക പരാമർശം (11) പ്രകാരം പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തു.

ബഹു. കോടതി നിർദ്ദേശപ്രകാരം 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്ന നടപടിയുടെ ഭാഗമായി 01.01.1990 തീയതിയിൽ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ച് നിലനിന്നിരുന്ന 120 എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരുടെ പട്ടിക ആദ്യം തയ്യാറാക്കുകയുണ്ടായി. തുടർന്ന് 01.01.1990 തീയതിയിൽ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാരായി സ്ഥാനക്കയറ്റം ലഭിച്ച് നിലനിന്നിരുന്ന

യു.ഡി.ക്ലർക്ക് വിഭാഗത്തിൽ ഉൾപ്പെട്ട 218 ഉദ്യോഗസ്ഥരുടെ പട്ടികയും തയ്യാറാക്കുകയുണ്ടായി. അതിനു ശേഷം ഇരു വിഭാഗത്തിലും ഉൾപ്പെട്ടവരിൽ സ്ഥാനക്കയറ്റം ലഭിച്ച തീയതിയുടേയും ഫീഡർ തസ്തികയുടെ സീനിയോരിറ്റിയുടേയും മുൻഗണനാ ക്രമത്തിൽ പുനക്രമീകരിക്കുകയുണ്ടായി. ആയതിനു ശേഷം ഇരു പട്ടികയിൽ നിന്നുമുള്ള ഉദ്യോഗസ്ഥരെ 1:1 എന്ന അനുപാതപ്രകാരം ഇരു വിഭാഗത്തിലും 120 പേരെ വീതം ക്രമീകരിക്കുകയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെ വിഭാഗം ലഭ്യമാകാതെവരുന്ന ഭാഗം മുതൽ യു.ഡി.ക്ലർക്ക് വിഭാഗത്തിലെ 98 പേരെ ക്രമീകരിച്ചുമാണ് പരാമർശം (11) പ്രകാരമുള്ള കരട് പട്ടിക തയ്യാറാക്കിയിരുന്നത്. ക്വാട്ടാ അധികരിച്ച് നിൽക്കുന്നു എന്ന് കണ്ടെത്തിയിട്ടുള്ള ബാക്കിയുള്ള യു.ഡി.ക്ലർക്ക് വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരെ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നില്ല.

വിഷയവുമായി ബന്ധപ്പെട്ട വിവിധ കോടതി ഉത്തരവുകൾ, സർക്കാർ ഉത്തരവുകൾ, ബന്ധപ്പെട്ട തസ്തികയുടെ ആകെ കേഡർ സ്ട്രെങ്ത് ഓരോ വിഭാഗത്തിനും അനുവദിക്കപ്പെട്ട നിശ്ചിത ക്വാട്ടാ എന്നിവയെല്ലാം വ്യക്തമായി പാലിച്ച് 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ സീനിയോറിറ്റി പട്ടികയുടെ കരട് പരാമർശം (11) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും ആക്ഷേപങ്ങൾ ക്ഷണിച്ചിരുന്നതുമാണ്.

ബഹു. സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് പട്ടികയിൻമേൽ നേരിൽ കേൾക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (12) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ബഹു. ഹൈക്കോടതി സ്ഥിരീകരിച്ചതിന്റെ വെളിച്ചത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് സർക്കാരിന് അനുമതി നൽകിയാണ് ബഹു. സുപ്രീം കോടതി പരാമർശം (9) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. പ്രസ്തുത ഉത്തരവിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"*The Government is free to take steps to implement the orders passed by the Kerala Administrative Tribunal dated 06.03.2015 as affirmed by the High Court in the impugned order dated 11.03.2016*"

മേൽ പറഞ്ഞ പ്രകാരം സർക്കാരിന് അനുമതി ഉത്തരവായതിന്റെ വെളിച്ചത്തിൽ പരാമർശം (12) പ്രകാരം സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ആധാരമാക്കി കരട് പട്ടികയിൻമേൽ ലഭിച്ചിട്ടുള്ള ആക്ഷേപങ്ങൾ വിശദമായി പരിശോധിക്കുകയും നേരിൽ കേൾക്കുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടറേറ്റിൽ സ്വീകരിക്കുകയും ഉണ്ടായി. 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ പട്ടികയിൻമേൽ ആക്ഷേപങ്ങൾ സമർപ്പിച്ചവരിൽ ഭൂരിഭാഗവും പ്രസ്തുത പട്ടികയിലെ സീനിയോറിറ്റിയുമായി പ്രത്യക്ഷത്തിൽ നേരിട്ട് ബന്ധപ്പെടുന്നവരല്ല. എന്നിരുന്നാലും 31.12.1989 -ൽ ട്രാവൻകൂർ -കൊച്ചിൻ പഞ്ചായത്ത്രാജ് ചട്ടങ്ങൾ കാലഹരണപ്പെടുകയും 01.01.1990 തീയതി മുതൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രാബല്യത്തിൽ വരികയും ചെയ്യുന്ന വസ്തുത പരിഗണിച്ച് 01.01.1990 തീയതിയിലെ ട്രാവൻകൂർ -കൊച്ചിൻ പഞ്ചായത്ത്രാജ് ചട്ടങ്ങൾ പ്രകാരമുള്ള ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി പട്ടികയുടെ പുന:ക്രമീകരണം പരോക്ഷമായി തുടർപട്ടികകളിൽ പ്രതിഫലനം ഉണ്ടാക്കുമെന്നുള്ളതിനാൽ ആക്ഷേപം സമർപ്പിച്ച മുഴുവൻ പേരെയും നേരിൽ കേൾക്കുന്നതിന് അവസരം നൽകുകയും 02.08.2017, 04.08.2017 എന്നീ തീയതികളിൽ ഹാജരായ

മുഴുവൻ പേരെയും പഞ്ചായത്ത് ഡയറക്ടർ നേരിൽ കേട്ടിട്ടുള്ളതുമാണ്. ഇപ്രകാരം നേരിൽ കേട്ട അവസരത്തിൽ നിലവിൽ പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ തങ്ങളുടെ സ്ഥാനം സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പുന:ക്രമീകരണം വ്യക്തമായി ആവശ്യപ്പെടുന്നതിനുപകരം കോടതി ഉത്തരവുകൾ, സർക്കാർ ഉത്തരവുകൾ, വകുപ്പുതല ചട്ടങ്ങൾ മുതലാവയുമായി ബന്ധപ്പെട്ട പൊതുവായ വിഷയങ്ങളാണ് ഉന്നയിക്കപ്പെട്ടിരുന്നത്. നേരിൽ കേട്ട അവസരത്തിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളും വസ്തുതകളും ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കോമൺ സർവ്വീസ് വിഭാഗത്തിൽ നിന്നും ഹിയറിംഗിന് ഹാജരായ ഉദ്യോഗസ്ഥർ രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ മുൻകാല പുന:ക്രമീകരണം, 01.01.1990 മുതൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ നടത്തിപ്പ്, ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ അധികമുണ്ടെന്ന് കണ്ടെത്തിയ വകുപ്പുവിഭാഗം ജീവനക്കാരെ 01.01.1990 തീയതി മുതൽ നിശ്ചിത അനുപാതം പാലിച്ച് യു.ഡി.ക്ലർക്ക് തസ്തിക മുതൽ മുൻകാല പ്രാബല്യത്തോടെ പുന:ക്രമീകരണം നടത്തണം മുതലായ വാദമുഖങ്ങളാണ് ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ടിരുന്നത്. എന്നാൽ നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത് രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ പ്രൊമോഷൻ തസ്തികയായ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ പട്ടിക എന്നതിനാലും കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ നടത്തിപ്പ് ടി ലിസ്റ്റുമായി നേരിട്ട് ബന്ധമില്ലാത്തതിനാലും മേൽപറഞ്ഞ വാദമുഖങ്ങൾ നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കരട് പട്ടികയിൻമേൽ പരിഗണിക്കേണ്ടതില്ലാ എന്ന് തീരുമാനിച്ചു.

സീനിയോറിറ്റി പട്ടിക മുൻകാല പ്രാബല്യത്തോടെ പ്രസിദ്ധീകരിക്കണമെന്നും അപ്രകാരം ചെയ്യുമ്പോൾ ക്വാട്ടാ റൂൾ (1:1) വ്യക്തമായി പാലിക്കണമെന്നും വകുപ്പ് വിഭാഗം ജീവനക്കാർ സമർപ്പിച്ച ആപേക്ഷപങ്ങളിൽ ഉന്നയിച്ചിട്ടുണ്ട്. മാത്രമല്ല പുതുക്കി തയ്യാറാക്കുന്ന പട്ടികയിലും പഴയ പട്ടികയിൽ ഉൾപ്പെട്ട 1400 എണ്ണം ഉണ്ടാകേണ്ടതാണ് എന്നും ആക്ഷേപങ്ങൾ ലഭിച്ചിരുന്നു. ഇതോടൊപ്പം 1981 മുതൽ ക്വാട്ടാ റൂൾ പ്രകാരം പുന:ക്രമീകരണം നടത്തണമെന്നും ആപേക്ഷപങ്ങൾ സമർപ്പിച്ചിരുന്നു.

നേരിൽ കേട്ട അവസരത്തിലും പ്രസ്തുത വിഭാഗം ജീവനക്കാർ ടി വാദമുഖങ്ങൾ ഉന്നയിക്കുകയുണ്ടായി. പ്രസ്തുത ആക്ഷേപങ്ങളും വാദങ്ങളും വിശദമായി പരിശോധിച്ചു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 06.03.2015 -ലെ ഉത്തരവ് അംഗീകരിച്ചുകൊണ്ടാണ് ബഹു. സുപ്രിം കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലെ പുതിയ സീനിയോറിറ്റി പട്ടിക തയ്യാറാക്കണം എന്ന വിധത്തിലുള്ള പരാമർശങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കോടതി ഉത്തരവിൽ ഏതെങ്കിലും ഒരു പ്രത്യേക തീയതി മുതൽ പുന:ക്രമീകരണം ആരംഭിക്കണമെന്നോ മുൻകാല പ്രാബല്യത്തോടെ പുന:ക്രമീകരിക്കണമെന്നോ നിർദ്ദേശിച്ചിട്ടില്ല. മറിച്ച് 01.01.1990 തീയതി ആധാരമാക്കി ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ പുതിയ പട്ടിക തയ്യാറാക്കുവാനാണ് വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ളത്.

ഒരു പ്രത്യേക തീയതിയിൽ ഒരു പ്രത്യേക തസ്തികയുടെ സീനിയോറിറ്റി പട്ടിക എന്നു പറയുന്നത് ടി തീയതിയിൽ ആ തസ്തികയിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെ മാത്രം കേഡർ സ്ട്രെങ്ത് പരിധി,

അതാത് വിഭാഗങ്ങൾക്കുള്ള ക്വാട്ടാ എന്നിവയ്ക്കുള്ളിൽ ഉൾപ്പെടുത്തുന്നതാണ്. അതായത് ടി തീയതിയ്ക്ക് മുൻപ് തൊട്ടടുത്ത തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ചവരെയും, വിരമിച്ചവരെയും, വകുപ്പുവിട്ടു പോയവരെയും ഉൾപ്പെടുത്തേണ്ട ആവശ്യമില്ല. ബന്ധപ്പെട്ട തസ്തികയുടെ ആകെ കേഡർ സ്ട്രെംങ്ത്, വ്യത്യസ്ത രീതിയിൽ വിവിധ വിഭാഗങ്ങളിൽ നിന്നും നിയമനം നൽകകേണ്ടവരുടെ എണ്ണം സംബന്ധിച്ച ക്വാട്ട എന്നിവയാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ട അടിസ്ഥാന മാനദണ്ഡം. നിലവിലെ സീനിയോറിറ്റി പട്ടിക എന്നുപറയുന്നത് രണ്ട് വിഭാഗം ജീവനക്കാരെ നിശ്ചിത ക്വാട്ടാ പ്രകാരം കേഡർ സ്ട്രെങ്ത് പരിധിക്കുള്ളിൽ ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഇത്തരത്തിലുള്ള പട്ടിക ഏത് തീയതി അടിസ്ഥാനമാക്കിയാലും ആകെ എണ്ണം മാറ്റമില്ലാതെ നിലനിൽക്കേണ്ടതാണ്. 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ ആകെ കേഡർ സ്ട്രെംങ്ത് 435 ആണ്. ഇതിൽ 218 പേർ യു.ഡി.ക്ലർക്കിൽ നിന്നും സ്ഥാനക്കയറ്റം മുഖാന്തിരവും 217 പേർ രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ നിന്ന് സ്ഥാനക്കയറ്റം മുഖാന്തിരവും ഉൾപ്പെടുന്നതാണ് ക്വാട്ടാ റൂൾ പ്രകാരമുള്ള കേഡർ സ്ട്രെംങ്ത്. ഇതിൽ 218 യു.ഡി.ക്ലർക്ക് വിഭാഗത്തിൽ നിന്നുമുള്ളവരെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ ടി കാലയളവിൽ സ്ഥാനക്കയറ്റത്തിന് അർഹതയില്ലായിരുന്നു എന്ന കാരണത്താൽ 97 പേർ ലഭ്യമല്ലാതിരുന്നതുകാരണം ടി വിഭാഗത്തിൽ നിന്നും 120 പേരെ മാത്രമെ നിലവിലെ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നിർവ്വാഹമുള്ളൂ. ആയതിനാൽ ടി വിഭാഗത്തിൽ നിന്നുള്ളവർ ഉൾപ്പെടേണ്ട 97 എണ്ണം സീനിയോറിറ്റി പട്ടികയിൽ ഒഴിഞ്ഞുകിടന്നതായി അനുമാനിക്കേണ്ടതുണ്ട്. അർഹരായവർ ലഭ്യമല്ലാത്തപക്ഷം അനർഹരെയോ മറുവിഭാഗത്തെയോ ഉൾപ്പെടുത്താൻ നിർവ്വാഹമില്ല. മേൽ വസ്തുതകളിൽ നിന്നും സീനിയോറിറ്റി പട്ടിക തയ്യാറാക്കിയത് ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി.സി. റൂൾ പ്രകാരമുള്ള നിശ്ചിത എണ്ണം ക്വാട്ട അതാത് വിഭാഗക്കാർക്ക് നിശ്ചയിച്ച് നൽകി ആകെ കേഡർ സ്ട്രെങ്ത് പാലിച്ചുകൊണ്ടാണ്. തർക്കവിഷയമായ സീനിയോറിറ്റി പട്ടികയിൽ 01.01.1962 മുതൽ സ്ഥാനക്കയറ്റം ലഭിച്ചവരെ ഉൾപ്പെടുത്തി തയ്യാറാക്കിയ ലിസ്റ്റായതിനാലാണ് 1400 പേർ ഉൾപ്പെട്ടിട്ടുള്ളത്. ടി ജീവനക്കാരെ മുഴുവൻ മുൻകാല പ്രാബല്യത്തോടെ ഒഴിവുണ്ടായ തീയതി പുനരവലോകനം നടത്തി മുൻകാല പ്രാബല്യത്തോടെ പുതുക്കി പട്ടിക തയ്യാറാക്കുന്നത് പ്രായോഗികമല്ല. ടി വിവരം പഞ്ചായത്ത് ഡയറക്ടർ തന്നെ വിവിധ അവസരങ്ങളിൽ സർക്കാരിൽ അറിയിച്ചിട്ടുള്ളതും വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച വിവിധ ഉത്തരവുകളിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ 1981 മുതൽ പുനരവലോകനം നടത്തണം, പട്ടികയിൽ 1400 പേർ ഉൾപ്പെടണം എന്നീ വാദമുഖങ്ങൾ നിലവിൽ പരിഗണനാർഹമല്ല എന്ന് മാത്രമല്ല പ്രായോഗികവുമല്ല. മാത്രമല്ല 1981 മുതൽ പുന:ക്രമീകരണം നടത്തണമെന്ന വാദവും അതേസമയം 1400 പേർ ലിസ്റ്റിൽ ഉണ്ടാകണമെന്നതും ഒരേ സമയം സാധ്യമാകുന്നതല്ല. ഇപ്രകാരമുള്ള ആക്ഷേപമോ ആവശ്യമോ പട്ടികയിൽ ഉൾപ്പെടേണ്ട മറുവിഭാഗത്തിൽപ്പെട്ട ജീവനക്കാർ ആരുംതന്നെ ഉന്നയിച്ചിട്ടില്ല.

ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ 01.01.1990 തീയതിയിൽ ക്വാട്ടാ അധികരിച്ച് വകുപ്പ് വിഭാഗം ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട് എന്ന കണ്ടെത്തൽ വസ്തുതകൾക്ക് നിരക്കുന്നതല്ലായെന്നും ആയത് പുന:പരിശോധനയ്ക്ക് വിധേയമാക്കണമെന്നും വകുപ്പുവിഭാഗം ജീവനക്കാർ ആക്ഷേപം ഉന്നയിച്ചിരുന്നു. 01.01.1990 തീയതിയിൽ ക്വാട്ടാ അധികരിച്ച് ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ള വസ്തുത കണ്ടെത്തിയത് ബഹു. ഹൈക്കോടതിയുടെ പരാമർശം (2) പ്രകാരമുള്ള അന്തിമ വിധി

ന്യായവും അതിനെതുടർന്ന് പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവിനെയും ആധാരമാക്കിയാണ്. മേൽപറഞ്ഞ രണ്ട് ഉത്തരവും ഇപ്പോഴും നിലനിൽക്കുന്നതാണ്. മാത്രമല്ല ടി ഉത്തരവുകളിൽ സന്ദർഭോചിതമായി ഭരണപരമായ ഭേദഗതികൾ വരുത്തി പിന്നീട് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ എല്ലാം തന്നെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അസ്ഥിരപ്പെടുത്തിയിട്ടുള്ളതാണ്. അധികമുള്ളവരിൽ ആദ്യത്തെ 61 പേർക്ക് 01.01.1990 തീയതിയിൽ സാങ്കേതികമായി ക്രമവത്ക്കരണം നടത്തി നൽകിയ പരാമർശം (5) ഉത്തരവും, അധികമുള്ളവരിൽ ആദ്യത്തെ 61 പേർക്ക് 01.01.1990 തീയതിക്കുമുമ്പ് അവരുടെ പ്രൊമോഷൻ തീയതിയിൽ ക്രമവത്ക്കരണം നൽകിയ പരാമർശം (6) ഉത്തരവും ഇപ്രകാരം അസ്ഥിരപ്പെടുത്തിയതിൽ ഉൾപ്പെടുന്നതാണ്. മാത്രമല്ല നിലവിലെ കോടതി ഉത്തരവിൽ 1990നും 1993നും ഇടയ്ക്ക് അർഹരായവർക്ക് പരിഗണന നൽകണമെന്ന നിർദ്ദേശം വ്യക്തമായി നൽകിയിട്ടുള്ളതിൽ നിന്നും 01.01.1990 തീയതിയിൽ ക്വാട്ട അധികരിച്ചു നിന്നിരുന്നു എന്ന കണ്ടെത്തൽ ശരിവയ്ക്കുന്നതും അപ്രകാരമുള്ളവർക്ക് 01.01.1990 ന് മുമ്പ് ഏതെങ്കിലും വിധത്തിലുള്ള പരിരക്ഷയ്ക്ക് അർതഹതയില്ല എന്നും വ്യക്തമായി അനുമാനിക്കാവുന്നതാണ്. ആയതിൽനിന്നും തർക്കവിഷയമായ ക്വാട്ടാ അധികരിച്ച് നിൽക്കുന്ന വകുപ്പു വിഭാഗത്തിൽ നിന്നും സ്ഥാനക്കയറ്റം ലഭിച്ച ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർമാർക്ക് 01.01.1990 തീയതിയിലോ അതിനുമുമ്പോ ക്രമവത്ക്കരണത്തിന് അർഹതയില്ല എന്നത് വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ക്വാട്ടാ അധികരിച്ചില്ല എന്ന വാദം പരിഗണനാർഹമല്ല. മാത്രമല്ല 01.01.1990 തീയതിക്കുമുമ്പുള്ള ഏതെങ്കിലു വിധത്തിലുള്ള സംരക്ഷണം പരിഗണിക്കപ്പെടേണ്ട യാതൊരുവിധ പരാമർശങ്ങളും നിലവിലെ ഉത്തരവുകളിലും പ്രതിപാദിച്ചുകാണുന്നില്ല.

ബഹു. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാലയളവിൽ പഞ്ചായത്ത് വകുപ്പിൽ തയ്യാറാക്കിയിട്ടുള്ള സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപം കേൾക്കണമെന്ന വാദവും ഒരു വിഭാഗം ജീവനക്കാർ ഉന്നയിച്ചിരുന്നു. നിലവിലെ ബഹു. കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മുമ്പ് ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും പട്ടിക ഈ വകുപ്പുൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നില്ല. നിലവിൽ പട്ടിക പ്രസിദ്ധീകരിച്ചത് വിഷയം സംബന്ധിച്ച് നിലനിന്നിരുന്ന അപ്പീലുകളിൻമേൽ പരമോന്നത നീതിപീഠം പുറപ്പെടുവിച്ച പരാമർശം (9) ഉത്തരവും അതിനെതുടർന്ന് പരാമർശം (10) പ്രകാരം ഏറ്റവും ഒടുവിൽ സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശവും അടിസ്ഥാനമാക്കിയിട്ടുള്ളതിനാൽ മുമ്പുള്ള കീഴ്കോടതി ഉത്തരവും അതുമായി ബന്ധപ്പെട്ട് അതിലേയ്ക്കുവേണ്ടി മാത്രം സർക്കാർ നൽകിയിരുന്ന നിർദ്ദേശങ്ങളും സംബന്ധിച്ച് നിലവിൽ സുപ്രീം കോടതി നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പ്രസക്തിയുള്ളതായി കാണുന്നില്ല. ഇതോടൊപ്പംതന്നെ 24.10.1993 വരെ ട്രാവൻകൂർ-കൊച്ചിൻ പഞ്ചായത്ത് ചട്ടപ്രകാരമുള്ള സീനിയോറിറ്റി പട്ടിക ദീർഘിപ്പിക്കണമെന്നും വാദങ്ങൾ ഉന്നയിക്കപ്പെട്ടിരുന്നു. എന്നാൽ 01.01.1990 തീയതി മുതൽ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകികൊണ്ട് പരാമർശം (4) പ്രകാരം ബഹു. സുപ്രീം കോടതി അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ 01.01.1990 തീയതി മുതൽ സീനിയോറിറ്റി പട്ടികകൾ തയ്യാറാക്കുന്നതിന് പുതിയ ചട്ടങ്ങളിലെ വ്യവസ്ഥകൾ മാത്രമെ ആധികാരികമായി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ. 01.01.1990 തീയതിമുതലുള്ള പുതിയ ചട്ടങ്ങളുടെ പ്രാബല്യം സംബന്ധിച്ച് നിലവിലെ കോടതി ഉത്തരവുകളിലും വ്യക്തമായി പരാമർശമുള്ളതാണ്. ആയതിനാൽ 1993 കാലഘട്ടംവരെ പഴയചട്ടപ്രകാരമുള്ള സീനിയോറിറ്റി പട്ടികകൾ ദീർഘി

ഷിക്കണമെന്നും, അതിനുശേഷം മാത്രം പുതിയ ചട്ടങ്ങൾ പ്രകാരമുള്ള സീനിയോറിറ്റി പട്ടികകൾ പ്രസിദ്ധീകരിക്കണമെന്നുള്ള വാദങ്ങൾ ബഹു. സുപ്രീം കോടതിയുടെ പരാമർശം (4) ഉത്തരവിന്റെ വെളിച്ചത്തിൽ സ്വീകാര്യമല്ലെന്ന് കാണുന്നു.

ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് ക്വാട്ടാ റൂൾ പാലിക്കുന്ന വിഷയം സംബന്ധിച്ചും നിലവിലെ കോടതി ഉത്തരവുകളിലെ പരാമർശങ്ങൾ വ്യാഖ്യാനിക്കുന്നത് സംബന്ധിച്ചും സർക്കാർ തലത്തിൽ സ്പഷ്ടീകരണം ആരായണമെന്നുള്ള വാദമുഖങ്ങൾ ഒരു വിഭാഗം ജീവനക്കാർ ഉന്നയിച്ചിരുന്നു. ട്രാവൻകൂർ-കൊച്ചിൻ പഞ്ചായത്ത് ചട്ടങ്ങൾ പ്രകാരം ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് 1:1 എന്ന അനുപാതം പാലിച്ചു കൊണ്ടായിരിക്കണമെന്ന വസ്തുതയിൽ വ്യക്തത ഉള്ളതിനാലും, കോടതി പരാമർശങ്ങളെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള അവ്യക്തതകൾ ഇല്ലാത്തതിനാലും ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നുള്ള സ്പഷ്ടീകരണം തേടേണ്ടതിന്റെ ആവശ്യകത കാണുന്നില്ല. മാത്രമല്ല വകുപ്പിന്റെ തന്നെ സ്പെഷ്യൽ റൂൾ സംബന്ധിച്ച് സർക്കാരിലേക്ക് സ്പഷ്ടീകരണം ആരായുന്നത് ഉചിതമായ നടപടിയല്ല. നിലവിൽ ബഹു. സുപ്രീം കോടതി ഇടക്കാല ഉത്തരവ് മാത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ എല്ലാം പൂർണ്ണമായി പാലിച്ച് പട്ടിക തയ്യാറാക്കി ബഹു. സുപ്രീം കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്ന വേളയിൽ നടപടിക്രമങ്ങളിലും വ്യാഖ്യാനങ്ങളിലും എന്തെങ്കിലും അപാകത ഉള്ളപക്ഷം ബന്ധപ്പെട്ട കക്ഷികൾക്ക് ടി വസ്തുതകൾ കോടതി മുമ്പാകെ ഉന്നയിക്കാവുന്നതും ആയത് സംബന്ധിച്ച് ബഹു. കോടതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ വകുപ്പുതലത്തിൽ പാലിക്കുന്നതുമാണ്.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ പട്ടിക തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും സർക്കാർ തലത്തിൽ ആയിരിക്കണം എന്ന പരാമർശമുള്ളതിനാൽ പഞ്ചായത്ത് ഡയറക്ടർ പട്ടിക പ്രസിദ്ധീകരിച്ചതും ഹിയറിംഗ് നടത്തുന്നതും കോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് എന്ന വാദങ്ങൾ ഹിയറിംഗിൽ ഒരു വിഭാഗം ഉന്നയിച്ചിരുന്നു. എന്നാൽ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ കേട്ട് അന്തിമമാക്കുന്നതുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും സർക്കാരിന് വേണ്ടി നിർവ്വഹിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി പരാമർശം (12) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ മേൽപറഞ്ഞ വാദങ്ങൾക്ക് പ്രസക്തിയില്ല.

നിലവിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പട്ടികയിൽ ആകെ കേഡർ സ്ട്രെങ്ത് ആയ 435 -ൽ 1:1 എന്ന അനുപാത പ്രകാരം 218 പേർ യു.ഡി.ക്ലർക്ക് വിഭാഗത്തിൽ നിന്നും ഉൾപ്പെട്ടപ്പോൾ രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ നിന്നും 217 -നു പകരം കേവലം 120 പേർ മാത്രം ഉൾപ്പെട്ടത് ന്യായീകരിക്കത്തക്കതല്ലെന്നും ഒഴിഞ്ഞു കിടക്കുന്ന 97 സ്ഥാനങ്ങളിൽ ബന്ധപ്പെട്ട വിഭാഗത്തിൽപ്പെട്ടവർക്ക് ഉൾപ്പെടുത്തൽ വരുത്തണമെന്നും രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ നിന്നുള്ള ജീവനക്കാർ അവകാശവാദം ഉന്നയിച്ചിരുന്നു. നിലവിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പട്ടിക 01.01.1990 -ൽ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ജോലി നോക്കിയിരുന്നവരുടെ സീനിയോറിറ്റി പട്ടികയാണ്. മേൽപറഞ്ഞ അവകാശവാദം ഉന്നയിച്ച ജീവനക്കാർ ടി കാലയളവിൽ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ ഫീഡർ തസ്തികയായ രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ്

ഓഫീസർ തസ്തികയിൽ ജോലി നോക്കിയിരുന്നവരാണ്. പ്രസ്തുത ഉദ്യോഗസ്ഥർക്ക് 01.01.1990 തീയതിക്ക് മുമ്പ് ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയിട്ടില്ല എന്നത് വ്യക്തമാണ്. മാത്രമല്ല പിന്നീടുള്ള ഏതെങ്കിലും കാലയളവിൽ മേൽപറഞ്ഞ പ്രകാരം മുൻകാല പ്രാബല്യത്തോടെ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമല്ല. ഫീഡർ തസ്തികയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ പ്രവേശന തസ്തികയിൽ നിന്നുള്ള ആദ്യ പ്രൊമോഷൻ തസ്തികയിൽ മുൻകാല പ്രാബല്യത്തോടെ ഇപ്പോൾ ഉൾപ്പെടുത്തുന്നത് ഉചിതമായി കാണുന്നില്ല. 27 വർഷംമുമ്പ് മുൻകാല പ്രാബല്യത്തോടെ ബന്ധപ്പെട്ട കാലയളവിൽ പ്രൊവിഷണൽ പ്രൊമോഷൻ ലഭിക്കേണ്ടത് സംബന്ധിച്ചുള്ള ആക്ഷേപം ടി വിഭാഗം ഉദ്യോഗസ്ഥർക്ക് സർക്കാരിലോ ബഹു. കോടതി മുമ്പാകെയോ ഉന്നയിക്കാവുന്നതാണ്. ആയതിനാൽ ഒഴിഞ്ഞുകിടക്കുന്ന 97 സ്ഥാനങ്ങളിൽ രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗം ജീവനക്കാരെ ഉൾപ്പെടുത്തണമെന്ന വാദം ഇപ്പോൾ നിലനിൽക്കുന്നതല്ല. ഇതോടൊപ്പം തന്നെ Date of advice അധാരമാക്കി സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തണമെന്ന രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽപ്പെട്ടവരുടെ വാദവും വിശദമായി പരിശോധിച്ചു. Date of advice അധാരമാക്കി സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് പ്രവേശന തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ ആണ് എന്നിരിക്കെ പ്രമോഷൻ തസ്തികയുടെ സീനിയോറിറ്റി പട്ടികയിൽ Date of advice പരിഗണിക്കണം എന്ന വാദം നിലനിൽക്കത്തക്കതല്ല.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിൽ ട്രാവൻകൂർ-കൊച്ചിൻ പഞ്ചായത്ത് ചട്ടങ്ങൾ പ്രകാരം 20.10.1993 തീയതിക്കകത്ത് റഗുലർ പ്രൊമോഷന് അർഹതയുള്ള ഏതെങ്കിലും ജീവനക്കാരുള്ള പക്ഷം ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണം എന്ന പരാമർശം ഉള്ളതിനാൽ ആയത് അനുവദിക്കണം എന്ന വാദവും ഒരു വിഭാഗം ജീവനക്കാർ ഉന്നയിച്ചിരുന്നു. ബഹു. കോടതിയുടെ പരാമർശത്തിന്റെ ചുരുക്കം ചുവടെ ചേർക്കുന്നു.

*"If anybody, as per the Travancore-Cochin Rules, from the employees of the Panchayat Department, was eligible for promotion on a regular basis, he shall be given that. The 1st respondent shall consider the claims of the Panchayat Departmental employees for regular promotion in accordance with the Travancore-Cochin Rules upto 20.10.1993. If any person is found to be eligible for regular promotion, as per the Travancore-Cochin Rules which practically remained in force upto that dates, he shall be given protection of the order of the Apex Court."*

ബഹു. കോടതിയുടെ മേൽപറഞ്ഞ പ്രകാരമുള്ള നിർദ്ദേശം 01.01.1990 തീയതിക്ക് ശേഷമുള്ള കാലയളവിലെ പട്ടികകൾ തയ്യാറാക്കുമ്പോൾ ചട്ടങ്ങൾക്ക് വിധേയമായി കർശനമായും പാലിക്കുന്നതാണ്.

ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (7) ഉത്തരവിൽ പറഞ്ഞിട്ടുള്ള മുഴുവൻ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിച്ചുവേണം അന്തിമപട്ടിക തയ്യാറാക്കേണ്ടത് എന്ന വാദം രണ്ടാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ വിഭാഗത്തിൽ നിന്നുള്ള ജീവനക്കാർ ഉന്നയിച്ചിരുന്നു. നിലവിൽ ബഹു. കോടതിയുടെ നിർദ്ദേശങ്ങൾ എല്ലാം പരിഗണിച്ച് തന്നെയാണ് സീനിയോറിറ്റി പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അർഹരായവരെ ഉൾപ്പെടുത്തുക, അനർഹരായവരെ ഒഴിവാക്കുക, സംരക്ഷണത്തിന് അർഹതയുള്ള

വരെ കണ്ടെത്തി സംരക്ഷണം നൽകുക. ക്വാട്ടാ റൂൾ പാലിക്കുക മുതലായ എല്ലാ നിർദ്ദേശങ്ങളും പട്ടിക തയ്യാറാക്കുന്നതിൽ പൂർണ്ണമായി പരിഗണിച്ചിട്ടുണ്ട്. ബഹു. കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ തയ്യാറാക്കിയ പട്ടികയിൽ മേൽപറഞ്ഞ പ്രകാരമുള്ള ഏതെങ്കിലും അപാകതയുള്ളപക്ഷം കോടതിയുടെ അന്തിമപരിഗണനാ സമയത്ത് ബന്ധപ്പെട്ട കക്ഷികൾക്ക് ഉന്നയിക്കാവുന്നതാണ്.

പരാമർശം (11) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന കരട് പട്ടികയിൻമേൽ ഉന്നയിക്കപ്പെട്ടിട്ടുള്ള ആക്ഷേപങ്ങൾ എല്ലാംതന്നെ വസ്തുനിഷ്ഠമായി പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. നേരിൽകേട്ട സമയത്ത് ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആക്ഷേപങ്ങളും ബന്ധപ്പെട്ട കോടതി ഉത്തരവുകളുടെയും, സർക്കാർ ഉത്തരവുകളുടെയും, ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചും, പരിഗണിക്കേണ്ടവ പരിഗണിച്ചും അല്ലാത്തവ നിരാകരിച്ചും, ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടും ട്രാവൻകൂർ-കൊച്ചിൻ പഞ്ചായത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ക്വാട്ടാ വ്യക്തമായി പാലിച്ചും പുനഃരവലോകനം ചെയ്തും, മറ്റെല്ലാ നടപടിക്രമങ്ങൾ പാലിച്ചും പരാമർശം (11) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന 01.01.1990 തീയതിയിലെ ഒന്നാം ഗ്രേഡ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ കരട് പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുന്നു.

ഇപ്രകാരം പ്രസിദ്ധീകരിക്കുന്ന പട്ടിക ബഹു. സുപ്രീം കോടതിയുടെ മുമ്പാകെ നിലവിലുള്ള സിവിൽ അപ്പീൽ നം.5203/2016, 5204-5205/2016, 6055/16, 6056/16, 6057/16, 6059/16, 8460/16 എന്നിവയിലെയും വിഷയവുമായി ബന്ധപ്പെട്ട മറ്റ് ഹർജികളിലെയും അന്തിമ തീർപ്പിന് തീർത്തും വിധേയമായിരിക്കും.

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ നിലവിൽ ഒരാൾ മാത്രമേ സേവനത്തിൽ തുടരുന്നുള്ളൂ എന്നതിനാൽ പട്ടിക പുനപ്രസ്ദ്ധീകരിക്കുന്നതുമൂലം തരം താഴ്ത്തലോ മറ്റേതെങ്കിലും തരത്തിലുള്ള നടപടികളോ സ്വീകരിക്കേണ്ട ആവശ്യകത കാണുന്നില്ല

ഇപ്രകാരം പരാമർശം (9) പ്രകാരമുള്ള ബഹു. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവ് പരിപൂർണ്ണമായും പാലിച്ച് ഉത്തരവാകുന്നു.

**(ഒപ്പ്)**
**വി.രതീശൻ ഐ.എ.എസ്.**
**പഞ്ചായത്ത് ഡയറക്ടർ**

പകർപ്പ്:

അഡീഷണൽ രജിസ്ട്രാർ, ബഹു. സുപ്രീം കോടതി (അഡ്വക്കേറ്റ് ജനറൽ, എറണാകുളം മുഖാന്തിരം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി (ആമുഖ കത്ത് സഹിതം)
എല്ലാ ബ്രാഞ്ച് ആഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
ബന്ധപ്പെട്ട കക്ഷികൾക്ക് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം)
ഡയറക്ടർ/അഡീഷണൽ ഡയറക്ടർ എന്നിവരുടെ സി.എമാർക്ക്
കരുതൽ ഫയൽ/അധികം

**Final Seniority List of Executive Officer Grade - I as on 01.01.1990 as per Interim Direction of Hon.Supreme Court in Civil Appeal Nos. 5203/2016, 5204-5205/2016, 6055/2016, 6056/2016, 6057/2016, 6059/2016 & 8460/2016.**

| Sl. No | Name | Date of Birth | Feeder Category No | | | | Date of promotion as Exe. Officer Grade-I |
|---|---|---|---|---|---|---|---|
| | | | From E.O. Grade-II | | From Dept UDC | | |
| | | | Sl No | Feeder Category No. | Sl No | Feeder Category No. | |
| 1 | PK KANDASWAMI | 08.02.1952 | | | 1 | 445 | 23-04-1986 |
| 2 | B VILASINI | 09.09.1940 | 1 | 1020 | | | 05-06-1985 |
| 3 | EJ SEELIA | 15.11.1954 | | | 2 | 446 | 23-04-1986 |
| 4 | KK BHASKARAN | 06-04-1940 | 2 | 1021 | | | 05-06-1985 |
| 5 | VM SUJALAMMA | 08.01.1955 | | | 3 | 447 | 23-04-1986 |
| 6 | ANNAMMA JOHN | 01-03-1939 | 3 | 1022 | | | 05-06-1985 |
| 7 | TM KHALID | 1.03.1957 | | | 4 | 448 | 23-04-1986 |
| 8 | R RAJAPPAN | 15.01.1935 | 4 | 600 | | | 28-06-1985 |
| 9 | C SAIDALAVI | 6.11.1953 | | | 5 | 449 | 23-04-1986 |
| 10 | KC KOCHU CHERUKAN | 27.02.1944 | 5 | 919 | | | 28-06-1985 |
| 11 | B BALAKRISHNAN RAO | 10.11.1953 | | | 6 | 450 | 23-04-1986 |
| 12 | N GOPINATHAN NAIR | 10-11-1953 | 6 | 1023 | | | 28-06-1985 |
| 13 | THOMAS RAJAN | 2.11.1956 | | | 7 | 451 | 23-04-1986 |
| 14 | R ANTHRAYOSE | 30.07.1935 | 7 | 510 | | | 03-12-1985 |
| 15 | K GOURI | 28.05.1953 | | | 8 | 452 | 23-04-1986 |
| 16 | KOCHUKRISHNAN NAIR | 6.10.1935 | 8 | 659 | | | 03-12-1985 |
| 17 | KA JOSEPH | 13.08.1948 | | | 9 | 453 | 06-05-1986 |
| 18 | MATHACHAN AYYANKANAL | 16.10.1939 | 9 | 1024 | | | 03-12-1985 |
| 19 | G LEELAMMA | 20.03.1947 | | | 10 | 456 | 06-05-1986 |
| 20 | PK GOPI | 26.07.1941 | 10 | 1027 | | | 03-12-1985 |
| 21 | A YESUDASAN | 18-08-1952 | | | 11 | 460 | 06-05-1986 |
| 22 | NV PARAMESWARAN PILLAI | 06-11-1935 | 11 | 1028 | | | 03-12-1985 |
| 23 | TG MANOMOHAN | 25-11-1955 | | | 12 | 442 | 10-07-1986 |
| 24 | PN SATHI | 20-03-1947 | 12 | 1029 | | | 03-12-1985 |
| 25 | VK GOPALAKRISHNAN (SR) | 25.01.1954 | | | 13 | 454 | 10-07-1986 |
| 26 | KOCHU GOVINDAMENON | 04-01-1938 | 13 | 1030 | | | 03-12-1985 |
| 27 | J RUBY | 17.10.1955 | | | 14 | 455 | 10-07-1986 |
| 28 | N ACHUTHAN PIOLLAI | 24.03.1935 | 14 | 1031 | | | 03-12-1985 |
| 29 | MUHAMMED KUNJU | 05.01.1952 | | | 15 | 457 | 10-07-1986 |
| 30 | A KUNCHU | 15-04-1946 | 15 | 1032 | | | 03-12-1985 |
| 31 | S JOSEPH | 30.12.1954 | | | 16 | 458 | 10-07-1986 |
| 32 | P KUTTI KRISHNA PANICKER | 29-05-1935 | 16 | 1034 | | | 03-12-1985 |
| 33 | TJ GEORGE | 28-02-1950 | | | 17 | 459 | 10-07-1986 |
| 34 | PK JAYADEVAN | 19-05-1947 | 17 | 1035 | | | 03-12-1985 |
| 35 | K MURALEEDHARAN NAIR | 05-07-1954 | | | 18 | 461 | 10-07-1986 |

| | | | | | | | |
|---|---|---|---|---|---|---|---|
| 36 | KK ALEXANDER | 10-12-1935 | 18 | 578 | | | 01-02-1986 |
| 37 | C RAMAN | 15-06-1951 | | | 19 | 462 | 10-07-1986 |
| 38 | K SULOCHANA | 26-06-1935 | 19 | 601 | | | 01-02-1986 |
| 39 | R GOPALAN | 05-02-1954 | | | 20 | 463 | 10-07-1986 |
| 40 | CR MUHAMMED | 20-12-1952 | 20 | 711 | | | 01-02-1986 |
| 41 | K DAMODHARAN | 12-09-1954 | | | 21 | 464 | 10-07-1986 |
| 42 | R JANARDHANAN PILLAI | 19-12-1935 | 21 | 765 | | | 01-02-1986 |
| 43 | HARIKUMARAN UNNITHAN | 10-12-1952 | | | 22 | 465 | 10-07-1986 |
| 44 | K. VASAVAN | 03-10-1935 | 22 | 920 | | | 01-02-1986 |
| 45 | EARNEST EDAPPALLY | 26-06-1954 | | | 23 | 466 | 10-07-1986 |
| 46 | TH KHADEEJA | 08-09-1952 | 23 | 975 | | | 01-02-1986 |
| 47 | DP VARADAKUMARI | 10-01-1953 | | | 24 | 467 | 10-07-1986 |
| 48 | MK SOBHANA | 03-03-1954 | 24 | 1016 | | | 01-02-1986 |
| 49 | K KRISHNAMMA | 14-12-1954 | | | 25 | 468 | 10-07-1986 |
| 50 | GOPINATHAN ACHARI | 27-07-1938 | 25 | 1025 | | | 01-02-1986 |
| 51 | RUBY D'SILVA | 06-09-1949 | | | 26 | 469 | 10-07-1986 |
| 52 | TP JACOB | 06-01-1938 | 26 | 1026 | | | 01-02-1986 |
| 53 | KG RAJENDRAN | 23-05-1949 | | | 27 | 470 | 10-07-1986 |
| 54 | ANIYAN KUTTY MENON | 24-02-1935 | 27 | 1037 | | | 27-02-1986 |
| 55 | TK MOHANAN | 02-02-1953 | | | 28 | 471 | 10-07-1986 |
| 56 | R KRISHNAPILLAI | 25-05-1949 | 28 | 1040 | | | 27-02-1986 |
| 57 | CP MOIDEENKUTTY | 15-10-1955 | | | 29 | 472 | 10-07-1986 |
| 58 | N DEVADATTAN | 03-08-1946 | 29 | 1041 | | | 27-02-1986 |
| 59 | R DILEEP KUMAR | 25-05-1955 | | | 30 | 473 | 10-07-1986 |
| 60 | T RADHAKRISHNAN (SR) | 02-03-1949 | 30 | 1043 | | | 27-02-1986 |
| 61 | NEELAKANTAPILLAI | 25-05-1949 | | | 31 | 474 | 10-07-1986 |
| 62 | EK MOIDUTTY | 15-06-1935 | 31 | 617 | | | 23-04-1986 |
| 63 | KJ JOHN KUTTY | 08-08-1946 | | | 32 | 475 | 01-10-1986 |
| 64 | TK JOSEPH | 24-10-1935 | 32 | 847 | | | 23-04-1986 |
| 65 | C LEELAMONI | 03-06-1950 | | | 33 | 476 | 01-10-1986 |
| 66 | KB VASAVAN | 11-08-1935 | 33 | 992 | | | 23-04-1986 |
| 67 | N SAFFIA | 17-11-1955 | | | 34 | 477 | 01-10-1986 |
| 68 | PK MADHAVAN | 15-06-1941 | 34 | 1045 | | | 23-04-1986 |
| 69 | N SURENDRANATHAN | 03-02-1949 | | | 35 | 478 | 01-10-1986 |
| 70 | PB KRISHNAKUMARI | 13-09-1953 | 35 | 1047 | | | 23-04-1986 |
| 71 | KC JOSEPH | 06-03-1957 | | | 36 | 479 | 01-10-1986 |
| 72 | EB JOY | 26-04-1947 | 36 | 1048 | | | 23-04-1986 |
| 73 | SUSAN ABRAHAM | 14-05-1955 | | | 37 | 480 | 01-10-1986 |
| 74 | AR BHASKARAN | 18-01-1950 | 37 | 1050 | | | 23-04-1986 |
| 75 | S RAMACHANDRAN | 02-05-1957 | | | 38 | 481 | 01-10-1986 |
| 76 | PK SUBHRAMANIAN | 04-05-1954 | 38 | 1052 | | | 23-04-1986 |
| 77 | T VIJAYAKUMAR | 14-06-1953 | | | 39 | 482 | 01-10-1986 |
| 78 | N BHASKARAN | 11-10-1949 | 39 | 1059 | | | 23-04-1986 |
| 79 | KJ GEORGEKUTTY | 11-08-1950 | | | 40 | 483 | 01-10-1986 |
| 80 | KR KUMARAN | 11-12-1935 | 42 | 630 | | | 06-05-1986 |

| | | | | | | | |
|---|---|---|---|---|---|---|---|
| 81 | MP REGHU | 27-11-1952 | | | 41 | 484 | 01-10-1986 |
| 82 | MK VASUDEVAPANICKER | 15-08-1949 | 41 | 1004 | | | 06-05-1986 |
| 83 | PA NUJUM` | 22-04-1952 | | | 42 | 485 | 01-10-1986 |
| 84 | CM NARAYAN NAMBEESAN | *02-01-1942* | *42* | *1033* | | | *06-05-1986* |
| 85 | KR RAVI | 04-01-1952 | | | 43 | 486 | 01-10-1986 |
| 86 | TK CHELLAPPAN | 31-03-1947 | 43 | 1055 | | | 06-05-1986 |
| 87 | P PADMINI | 20-11-1955 | | | 44 | 487 | 01-10-1986 |
| 88 | R RENUKA | 31-05-1952 | 44 | 1060 | | | 06-05-1986 |
| 89 | A VIJAYA RAGHAVAN | 15-08-1949 | | | 45 | 488 | 01-12-1986 |
| 90 | V.KUNHIKELU | 20.03.1943 | 45 | 1076 | | | 06-05-1986 |
| 91 | K.M JOSEPH | 02.11.1954 | | | 46 | 489 | 10-12-1986 |
| 92 | AJ SEBASTIAN | 12-06-1936 | 46 | 668 | | | 10-07-1986 |
| 93 | M BALAKRISHNAN | 15-06-1949 | | | 47 | 490 | 10-12-1986 |
| 94 | A AHAMMED | 01-07-1936 | 47 | 672 | | | 10-07-1986 |
| 95 | M BABURAJ | 27-02-1952 | | | 48 | 491 | 10-12-1986 |
| 96 | PP DEVASSY | 13-12-1937 | 48 | 714 | | | 10-07-1986 |
| 97 | K LEELA | 04-11-1952 | | | 49 | 492 | 10-12-1986 |
| 98 | KN JAYARAMAN | 15-10-1939 | 49 | 770 | | | 10-07-1986 |
| 99 | A RADHAKRISHNAN | 02-08-1951 | | | 50 | 494 | 10-12-1986 |
| 100 | T.M DEENAMMA | 20-12-1950 | 50 | 989 | | | 10-07-1986 |
| 101 | K.M SIVANkUTTY | 02-12-1950 | | | 51 | 495 | 10-12-1986 |
| 102 | C.A VELAYUDHAN | 21-10-1952 | 51 | 1051 | | | 10-07-1986 |
| 103 | SARAMMA THOMAS | 03-03-1949 | | | 52 | 496 | 10-12-1986 |
| 104 | C.A GOPALAKRISHNAN | 02-06-1952 | 52 | 1053 | | | 10-07-1986 |
| 105 | C.P VINCENT | 01-12-1954 | | | 53 | 497 | 10-12-1986 |
| 106 | A.K SUKUMARAN | 03-02-1948 | 53 | 1057 | | | 10-07-1986 |
| 107 | G.SIVANKUTTY PILLAI | 05-06-1953 | | | 54 | 498 | 10-12-1986 |
| 108 | K.MANI | 17-04-1946 | 54 | 1062 | | | 10-07-1986 |
| 109 | P.D SURESH | 20-11-1954 | | | 55 | 499 | 10-12-1986 |
| 110 | T.D REMANI | 25-12-1951 | 55 | 1063 | | | 10-07-1986 |
| 111 | P.V SUNNY | 07-11-1955 | | | 56 | 500 | 10-12-1986 |
| 112 | K.P MOHANDAS | 29-11-1951 | 56 | 1065 | | | 10-07-1986 |
| 113 | A.T DEVASYA | 29-11-1951 | | | 57 | 501 | 10-12-1986 |
| 114 | P.A RAJAMMA | 28-01-1949 | 57 | 1068 | | | 10-07-1986 |
| 115 | K.VALSALAKUMARI | 14-05-1954 | | | 58 | 502 | 10-12-1986 |
| 116 | M.K USHA | 19-03-1955 | 58 | 1069 | | | 10-07-1986 |
| 117 | JAMALUDHEEN KUNJU | 15-05-1952 | | | 59 | 503 | 10-12-1986 |
| 118 | O.N.GOPI | 27-02-1951 | 59 | 1070 | | | 10-07-1986 |
| 119 | JACOB CLETUS | 07-01-1953 | | | 60 | 504 | 10-12-1986 |
| 120 | V.K GOPINATHAN | 27-11-1957 | 60 | 1071 | | | 10-07-1986 |
| 121 | P.J JAYARAJ | 21-08-1944 | | | 61 | 505 | 10-12-1986 |
| 122 | P.C SANTHA | 24-07-1955 | 61 | 1073 | | | 10-07-1986 |
| 123 | K.M ANNAMMA | 27-05-1948 | | | 62 | 506 | 10-12-1986 |
| 124 | C.RAMACHANDRAN | 29-01-1954 | 62 | 1074 | | | 10-07-1986 |
| 125 | T.K RAMAKRISHNAN | 14-02-1956 | | | 63 | 507 | 10-12-1986 |

| | | | | | | | |
|---|---|---|---|---|---|---|---|
| 126 | A.NARAYANAN | 20.08.1952 | 63 | 1082 | | | 10-07-1986 |
| 127 | C.VASU | 20.05.1951 | | | 64 | 508 | 10-12-1986 |
| 128 | K.SANKARANARAYANAN | 03.07.1936 | 64 | 523 | | | 01-10-1986 |
| 129 | K.S BALAKRISHNAN | 21.11.1953 | | | 65 | 509 | 10-12-1986 |
| 130 | P.SREEKUMAR | 20-11-1953 | 65 | 540 | | | 01-10-1986 |
| 131 | PAULINE FERNANDEZ | 15.04.1950 | | | 66 | 510 | 10-12-1986 |
| 132 | K.KRISHNANKUTTY NAIR | 10.08.1936 | 66 | 544 | | | 01-10-1986 |
| 133 | P.S SHOBHA | 20.11.1955 | | | 67 | 511 | 10-12-1986 |
| 134 | P.SETHUMADHAVA MENON | 10.09.1935 | 67 | 554 | | | 01-10-1986 |
| 135 | C.RAVEENDRAN | 25.11.1953 | | | 68 | 512 | 10-12-1986 |
| 136 | SANKARAN EZHUTHACHAN | 30.04.1936 | 68 | 707 | | | 01-10-1986 |
| 137 | K.JAYARAMAN | 08.11.1956 | | | 69 | 513 | 10-12-1986 |
| 138 | NARAYANAN BHATTATHIRIPPAD | 13.08.1935 | 69 | 792 | | | 01-10-1986 |
| 139 | L.EDWARD | 13.11.1954 | | | 70 | 514 | 10-12-1986 |
| 140 | K.T JOSEPH | 16.09.1938 | 70 | 830 | | | 01-10-1986 |
| 141 | K.J MARYKUTTY | 17.01.1952 | | | 71 | 515 | 10-12-1986 |
| 142 | G.PURUSHOTHAMAN NAIR | 18.08.1938 | 71 | 1010 | | | 01-10-1986 |
| 143 | A.K SHYLAJA | 04.05.1956 | | | 72 | 516 | 10-12-1986 |
| 144 | KV CHEKKU | 16-06-1950 | 72 | 1036 | | | 01-10-1986 |
| 145 | K.G VIJAYAKRISHNAN | 08.11.1954 | | | 73 | 517 | 10-12-1986 |
| 146 | M.G SURENDRAN | 30.09.1950 | 73 | 1046 | | | 01-10-1986 |
| 147 | K.SASIDHARAN | 29.10.1950 | | | 74 | 519 | 10-12-1986 |
| 148 | V.K LEKSHMIKUTTY | 03.12.1952 | 74 | 1077 | | | 01-10-1986 |
| 149 | D.RAJEEV | 23.10.1954 | | | 75 | 520 | 10-12-1986 |
| 150 | P.V.KARUNAKARAN(Jr) | 16.02.1948 | 75 | 1078 | | | 01-10-1986 |
| 151 | RETNA SAMUEL | 18.03.1955 | | | 76 | 521 | 10-12-1986 |
| 152 | R.SREENIVASAN | 08.04.1951 | 76 | 1079 | | | 01-10-1986 |
| 153 | P.J THANKARAJ | 14.04.1942 | | | 77 | 522 | 10-12-1986 |
| 154 | K.S STANLEY | 24.05.1951 | 77 | 1090 | | | 01-10-1986 |
| 155 | D.MUKUNDAN | 06.12.1947 | | | 78 | 523 | 10-12-1986 |
| 156 | T.SETHUCHANDRAN NAIR | 10.03.1937 | 78 | 548 | | | 04-07-1987 |
| 157 | E.K KRISHNAN UNNI | 06.02.1948 | | | 79 | 524 | 10-12-1986 |
| 158 | MUHAMMED ISSUDHEEN | 15.06.1950 | 79 | 943 | | | 04-07-1987 |
| 159 | MATHEW JOSEPH(Sr) | 28.09.1952 | | | 80 | 525 | 10-12-1986 |
| 160 | E.C. GANGADHARAN NAMBIAR | 12.04.1937 | 80 | 946 | | | 04-07-1987 |
| 161 | P.B GOVINDANKUTTY NAIR | 01.11.1953 | | | 81 | 526 | 10-12-1986 |
| 162 | P.V SETHUNATH | 05.10.1936 | 81 | 960 | | | 04-07-1987 |
| 163 | K.T PHILIP | 27.08.1951 | | | 82 | 527 | 10-12-1986 |
| 164 | C.RADHAKRISHNAN | 12.09.1954 | 82 | 1049 | | | 04-07-1987 |
| 165 | V.K GOPALAKRISHNAN(Jr) | 20.07.1955 | | | 83 | 528 | 10-12-1986 |
| 166 | K.KAMALAKSHI | 05.05.1953 | 83 | 1064 | | | 04-07-1987 |
| 167 | V.N MONY | 06.06.1948 | | | 84 | 529 | 10-12-1986 |
| 168 | T.CHELLAPPAN | 26.09.1945 | 84 | 1075 | | | 04-07-1987 |
| 169 | C.M MOHANDAS | 04.02.1951 | | | 85 | 530 | 10-12-1986 |
| 170 | P.S RAJAPPAN | 28.03.1935 | 85 | 595 | | | 30-09-1987 |

| | | | | | | | |
|---|---|---|---|---|---|---|---|
| 171 | P.ABDUL RAHIMAN | 01.12.1954 | | | 86 | 531 | 10-12-1986 |
| 172 | P.K KOCHUMOIDEEN | 20.12.1936 | 86 | 605 | | | 30-09-1987 |
| 173 | V.KARUNAKARAN PILLAI | 07.12.1954 | | | 87 | 532 | 10-12-1986 |
| 174 | O.KUNHI MUHAMMED | 26.04.1937 | 87 | 616 | | | 30-09-1987 |
| 175 | P.T GREGORY | 23.09.1947 | | | 88 | 533 | 10-12-1986 |
| 176 | K.BALASUBRAMANYAM | 15.05.1937 | 88 | 687 | | | 30-09-1987 |
| 177 | P.RAMACHANDRAN | 04.11.1956 | | | 89 | 534 | 10-12-1986 |
| 178 | N.ABDUL KHADIR | 25.06.1940 | 89 | 740 | | | 30-09-1987 |
| 179 | P.R.SADANANDAN | 24.05.1947 | | | 90 | 518 | 04-07-1987 |
| 180 | K.P DAMODARAN | 12.06.1937 | 90 | 794 | | | 30-09-1987 |
| 181 | I.THOMAS JOHN | 24.11.1954 | | | 91 | 535 | 04-07-1987 |
| 182 | M.ASSANAR KUNJU | 23.03.1937 | 91 | 904 | | | 30-09-1987 |
| 183 | P.D CHELLAMMA | 09.02.1945 | | | 92 | 536 | 04-07-1987 |
| 184 | M.KUMARAN | 04.08.1937 | 92 | 917 | | | 30-09-1987 |
| 185 | M.T RAJU | 14.04.1946 | | | 93 | 537 | 04-07-1987 |
| 186 | P.S THOMAS | 22.05.1951 | 93 | 926 | | | 30-09-1987 |
| 187 | K.MOHANAN | 15.11.1952 | | | 94 | 538 | 04-07-1987 |
| 188 | M.K KRISHNAN | 27.11.1936 | 94 | 932 | | | 30-09-1987 |
| 189 | T.S PARAMESWARAN | 10.12.1952 | | | 95 | 539 | 04-07-1987 |
| 190 | C.KUNJUKUNJAMMA | 18-04-1947 | 95 | 939 | | | 30-09-1987 |
| 191 | P.P BHASKARAN(Jr) | 14.12.1952 | | | 96 | 540 | 04-07-1987 |
| 192 | C.M THOMAS | 24.10.1936 | 96 | 1012 | | | 30-09-1987 |
| 193 | S.THANKAMANI | 12.01.1953 | | | 97 | 541 | 04-07-1987 |
| 194 | C.GEETHA | 03.04.1955 | 97 | 1083 | | | 30-09-1987 |
| 195 | M.G PRASANNAKUMARY | 16.05.1952 | | | 98 | 362 | 30-09-1987 |
| 196 | K.RAVI | 14.08.1956 | 98 | 1086 | | | 30-09-1987 |
| 197 | ABDUL SALAM SAHIB.M | 18.04.1950 | | | 99 | 493 | 30-09-1987 |
| 198 | S.LATHA | 27.07.1961 | 99 | 1089 | | | 30-09-1987 |
| 199 | P.C SURENDRAN NAIR | 01.11.1956 | | | 100 | 542 | 30-09-1987 |
| 200 | E.ANDI | 15.10.1936 | 100 | 631 | | | 18-11-1987 |
| 201 | N.SATHYADAS | 18.04.1951 | | | 101 | 543 | 30-09-1987 |
| 202 | K.RAMACHANDRAN | 15.05.1939 | 101 | 835 | | | 18-11-1987 |
| 203 | T.L BABU | 29.05.1956 | | | 102 | 544 | 30-09-1987 |
| 204 | M.FRANCIS | 20.10.1937 | 102 | 928 | | | 18-11-1987 |
| 205 | J.R GOPAKUMAR | 29.05.1957 | | | 103 | 545 | 30-09-1987 |
| 206 | P.K KUNHIKUTTAN | 31.03.1951 | 103 | 1091 | | | 18-11-1987 |
| 207 | T.P JAYAPRAKASH | 07.04.1953 | | | 104 | 546 | 30-09-1987 |
| 208 | R.RADHAKRISHNAN NAIR | 05.11.1941 | 104 | 1098 | | | 18-11-1987 |
| 209 | S.C VISWANATHAN NAIR | 28.12.1936 | | | 105 | 547 | 30-09-1987 |
| 210 | P.M VIJAYAN | 10-04-1954 | 105 | 618 | | | 17-12-1987 |
| 211 | P.K BABU | 20.06.1951 | | | 106 | 548 | 30-09-1987 |
| 212 | T.P CHERIYATHU | 01.07.1935 | 106 | 638 | | | 17-12-1987 |
| 213 | T.M RADHAKRISHNAN | 02.12.1952 | | | 107 | 549 | 30-09-1987 |
| 214 | P. KUMARAN | 04.02.1937 | 107 | 676 | | | 17-12-1987 |
| 215 | A.M RAVEENDRAN NAIR | 10.07.1955 | | | 108 | 550 | 30-09-1987 |

| | | | | | | | |
|---|---|---|---|---|---|---|---|
| 216 | A.K. VELLAN | 03.06.1935 | 108 | 702 | | | 17-12-1987 |
| 217 | T.MOHANAN NAMBOOTHIRI | 10.03.1957 | | | 109 | 551 | 30-09-1987 |
| 218 | K. VAMADEVAN | 23.10.1937 | 109 | 834 | | | 17-12-1987 |
| 219 | CHITHAMBARAM THANU PILLAI | 18-04-1947 | | | 110 | 552 | 30-09-1987 |
| 220 | M.L. JOSEPH | 03.05.1935 | 110 | 912 | | | 17-12-1987 |
| 221 | K.SAINUDHEEN | 08.04.1948 | | | 111 | 555 | 30-09-1987 |
| 222 | V.P. KURIAKOSE | 18.05.1937 | 111 | 1005 | | | 17-12-1987 |
| 223 | A.JYOTHIRAJAN | 30.11.1954 | | | 112 | 556 | 30-09-1987 |
| 224 | M. ABOOBAKAR KUNJU | 17.03.1940 | 112 | 661 | | | 12-04-1988 |
| 225 | K.CHANDRAN | 31.08.1949 | | | 113 | 558 | 30-09-1987 |
| 226 | M.S. NARAYANAN NAMBOOTHIRI | 05.05.1962 | 113 | 1088 | | | 12-04-1988 |
| 227 | K.K.VALSALAN | 24.12.1944 | | | 114 | 559 TYPIST | 18-11-1987 |
| 228 | T.L. THOMAS | 06.02.1941 | 114 | 958 | | | 02-06-1988 |
| 229 | T.P.RADHAMANI AMMA | 21.05.1947 | | | 115 | 560 | 18-11-1987 |
| 230 | O. REMAVATHI | 15.07.1948 | 115 | 1081 | | | 08-07-1988 |
| 231 | K.G SREENIVASAN | 25.11.1953 | | | 116 | 561 | 18-11-1987 |
| 232 | C.N. BABU | 30.07.1961 | 116 | 1087 | | | 08-07-1988 |
| 233 | P.NARAYANAN | 22.01.1951 | | | 117 | 562 | 18-11-1987 |
| 234 | S. ALI AHAMMED | 15.06.1938 | 117 | 731 | | | 22-02-1989 |
| 235 | C.C MAGI | 05.03.1952 | | | 118 | 563 | 18-11-1987 |
| 236 | K.P. GOPALAN | 10.12.1938 | 118 | 900 | | | 22-02-1989 |
| 237 | J.GEETHAKUMARI | 10.04.1954 | | | 119 | 564 | 18-11-1987 |
| 238 | M.M. GOVINDHAN NAMBIAR | 05.01.1939 | 119 | 988 | | | 22-02-1989 |
| 239 | P .LALITHA BAI | 08.05.1949 | | | 120 | 565 | 17-12-1987 |
| 240 | P. KUNJUMON | 15.09.1941 | 120 | 1001 | | | 22-02-1989 |
| 241 | V.T THOMAS | 02.03.1948 | | | 121 | 566 | 17-12-1987 |
| 242 | V.S. NARAYANAN NAIR | 25.05.1953 | | | 122 | 567 | 17-12-1987 |
| 243 | A. SAYEED | 23.05.1959 | | | 123 | 568 | 17-12-1987 |
| 244 | MUNAMMED NADIR | 01.06.1956 | | | 124 | 569 | 17-12-1987 |
| 245 | S. RAJAMMA | 21.05.1953 | | | 125 | 570 | 17-12-1987 |
| 246 | P.H. ASHRAF ALI | 31.10.1950 | | | 126 | 571 | 17-12-1987 |
| 247 | P. IBRAHIMKUTTY | 06.04.1953 | | | 127 | 572 | 17-12-1997 |
| 248 | P.A. SREEDHARAN | 15.03.1950 | | | 128 | 573 | 12-04-1988 |
| 249 | C.R. NARENDRAN | 23.12.1951 | | | 129 | 574 | 12-04-1988 |
| 250 | C.V. ROSSILY | 02.12.1952 | | | 130 | 575 | 12-04-1988 |
| 251 | M. CHANDRAN | 24.02.1952 | | | 131 | 576 | 12-04-1988 |
| 252 | G. SIVARAMAKRISHNAN | 13.01.1954 | | | 132 | 577 | 12-04-1988 |
| 253 | K. ABDUL AZEES | 29.12.1945 | | | 133 | 578 | 12-04-1988 |
| 254 | A.K. SUDHAMMA | 30.05.1958 | | | 134 | 579 | 12-04-1988 |
| 255 | C. OUSEPH | 19.04.1949 | | | 135 | 580 | 12-04-1988 |
| 256 | E. ABDUL SALAM | 10.12.1952 | | | 136 | 581 | 02-06-1988 |
| 257 | ALPHONSA GRACY VARGHESE | 08.09.1953 | | | 137 | 582 | 02-06-1988 |
| 258 | A. SUGHATHAN PILLAI | 12.05.1951 | | | 138 | 583 | 02-06-1988 |

| | | | | | | | |
|---|---|---|---|---|---|---|---|
| 259 | K. GOPALAKRISHNA ACHARI | 21.05.1949 | | | 139 | 584 | 02-06-1988 |
| 260 | B. USHA KUMARI | 01.03.1953 | | | 140 | 585 | 02-06-1988 |
| 261 | V.D. MATHEW | 15.11.1954 | | | 141 | 586 | 02-06-1988 |
| 262 | P.T. RAJAN | 20.07.1956 | | | 142 | 587 | 02-06-1988 |
| 263 | K. SOMASUNDARAN | 15.10.1953 | | | 143 | 588 | 02-06-1988 |
| 264 | C.N. BALAKRISHNAN | 09.05.1953 | | | 144 | 589 | 02-06-1988 |
| 265 | V. MADHAVAN | 08.06.1948 | | | 145 | 590 | 02-06-1988 |
| 266 | D. RADHAKRISHNAN NAIR | 29.05.1952 | | | 146 | 591 | 02-06-1988 |
| 267 | C.M. CHACKO | 16.06.1952 | | | 147 | 592 | 08-07-1988 |
| 268 | C.B. VARADARAJAN NAIR | 14.10.1954 | | | 148 | 593 | 08-07-1988 |
| 269 | C. VELU | 05.04.1952 | | | 149 | 594 | 08-07-1988 |
| 270 | A.N. VIJAYAKUMARAN NAIR | 20.09.1954 | | | 150 | 595 | 08-07-1988 |
| 271 | C.K. BALAN | 25.05.1952 | | | 151 | 596 | 08-07-1988 |
| 272 | L. KUMARI AMBIKA | 20.11.1955 | | | 152 | 597 | 08-07-1988 |
| 273 | M.P. HAMEED BAVA | 04.01.1948 | | | 153 | 598 | 08-07-1988 |
| 274 | K.K. SASIDHARAN | 27.06.1952 | | | 154 | 599 | 08-07-1988 |
| 275 | A.R. AVANTHI | 15.06.1949 | | | 155 | 600 | 08-07-1988 |
| 276 | C. MADHAVAN | 10.04.1952 | | | 156 | 601 | 08-07-1988 |
| 277 | K.K. THARARAJ | 12.12.1946 | | | 157 | 602 | 08-07-1988 |
| 278 | A. MUHAMMED BASHEER | 01.12.1955 | | | 158 | 557 | 22-02-1989 |
| 279 | K.K. SASIKUMAR | 12.05.1954 | | | 159 | 603 | 22-02-1989 |
| 280 | T. SANKARAN | 20.05.1948 | | | 160 | 604 | 22-02-1989 |
| 281 | K. THANKAPPAN | 24.05.1947 | | | 161 | 605 | 22-02-1989 |
| 282 | V.K. SASEENDRAN | 12.11.1953 | | | 162 | 606 | 22-02-1989 |
| 283 | GEORGE EAPEN | 05.05.1955 | | | 163 | 607 | 22-02-1989 |
| 284 | M. APPUKUTTAN | 23.03.1951 | | | 164 | 608 | 22-02-1989 |
| 285 | T. JAYAPRAKASH | 05.04.1959 | | | 165 | 609 | 22-02-1989 |
| 286 | M.M. ABDUL RAHIMAN | 04.01.1947 | | | 166 | 610 | 22-02-1989 |
| 287 | C.J JOSEPH | 11.10.1953 | | | 167 | 611 | 22-02-1989 |
| 288 | P.J THOMAS | 08.07.1952 | | | 168 | 612 | 22-02-1989 |
| 289 | A.K. MALLIKA | 23.05.1952 | | | 169 | 613 | 22-02-1989 |
| 290 | K.C. ANILAN | 12.07.1954 | | | 170 | 614 | 22-02-1989 |
| 291 | A. MANIKUTTAN | 10.03.1951 | | | 171 | 615 | 22-02-1989 |
| 292 | M. GOVINDHAN | 20.08.1959 | | | 172 | 616 | 22-02-1989 |
| 293 | P. NAGAVENI | 24.06.1953 | | | 173 | 617 | 22-02-1989 |
| 294 | K.P. SABUKUTTAN NAIR | 30.05.1961 | | | 174 | 618 | 22-02-1989 |
| 295 | Y. SETHUNATH | 10.11.1953 | | | 175 | 619 | 22-02-1989 |
| 296 | P.P. SOMAN | 15.04.1952 | | | 176 | 620 | 22-02-1989 |
| 297 | N.N. KRISHNANKUTTY | 14.03.1952 | | | 177 | 621 | 22-02-1989 |
| 298 | V.P. SUKUMARAN | 26.03.1959 | | | 178 | 622 | 22-02-1989 |
| 299 | P.V. MOHANDAS | 04.10.1948 | | | 179 | 623 | 22-02-1989 |
| 300 | N.V. JAMES | 10.08.1955 | | | 180 | 624 | 22-02-1989 |
| 301 | M.A. LEKSHMI | 17.12.1951 | | | 181 | 625 | 22-02-1989 |
| 302 | V. BALAKRISHNAN | 15.08.1951 | | | 182 | 626 | 22-02-1989 |
| 303 | G. CHANDRASEKHARAN NAIR | 02.05.1951 | | | 183 | 627 | 22-02-1989 |

| | | | | | | | |
|---|---|---|---|---|---|---|---|
| 304 | P.K SOMAN (junior) | 14.01.1952 | | | 184 | 628 | 22-02-1989 |
| 305 | B. KUSUMAKUMARI | 26.12.1955 | | | 185 | 629 | 22-02-1989 |
| 306 | K.M. VIPINCHANDRAN | 22.07.1950 | | | 186 | 630 | 22-02-1989 |
| 307 | S. SURENDRAN NAIR | 27.07.1959 | | | 187 | 631 | 22-02-1989 |
| 308 | P. SARALA | 15.04.1948 | | | 188 | 632 | 22-02-1989 |
| 309 | A. SHAHUL HAMEED (junior) | 30.11.1954 | | | 189 | 633 | 22-02-1989 |
| 310 | M. RAMESAN | 23.11.1952 | | | 190 | 634 | 22-02-1989 |
| 311 | M. HARINARAYANAN | 09.02.1962 | | | 191 | 635 | 22-02-1989 |
| 312 | SUSAN GEORGE | 08.05.1952 | | | 192 | 636 | 29-03-1989 |
| 313 | K. SUJATHA | 24.10.1956 | | | 193 | 637 | 29-03-1989 |
| 314 | K.K. NARAYANAN | 09.06.1947 | | | 194 | 638 | 29-03-1989 |
| 315 | M.BHASKARAN | 15.01.1960 | | | 195 | 639 | 29-03-1989 |
| 316 | V. RAVIKUMAR | 16.03.1953 | | | 196 | 640 | 29-03-1989 |
| 317 | VANAJAKSHI P | 14-01-1945 | | | 197 | 644 | 29-03-1989 |
| 318 | P.K. USHADEVI | 01.12.1955 | | | 198 | 645 | 29-03-1989 |
| 319 | K.P. MARYKUTTY | 06.03.1948 | | | 199 | 646 | 29-03-1989 |
| 320 | P. ALAVIKUTTY | 01.06.1951 | | | 200 | 647 | 29-03-1989 |
| 321 | D. RAJENDRA PRASAD | 25.05.1958 | | | 201 | 648 | 29-03-1989 |
| 322 | A.P. JANARDHANAN | 28.02.1947 | | | 202 | 649 | 29-03-1989 |
| 323 | S. NOOHU | 17.05.1958 | | | 203 | 650 | 29-03-1989 |
| 324 | M.S. MURUKESAN | 20.05.1952 | | | 204 | 651 | 29-03-1989 |
| 325 | P. VIJAYAKUMARAN NAIR | 02.10.1955 | | | 205 | 652 | 29-03-1989 |
| 326 | K. ARJUNAN | 10.05.1960 | | | 206 | 653 | 29-03-1989 |
| 327 | P.V. BALAKRISHNAN | 15.05.1948 | | | 207 | 654 | 29-03-1989 |
| 328 | BENNY GEORGE | 31.05.1960 | | | 208 | 655 | 29-03-1989 |
| 329 | GRACE JULIET MONDEZ | 17.02.1959 | | | 209 | 656 | 29-03-1989 |
| 330 | P. RAVEENDRANATHAN | 10.11.1952 | | | 210 | 657 | 29-03-1989 |
| 331 | AKKAMMA JOSEPH | 20.11.1955 | | | 211 | 658 | 29-03-1989 |
| 332 | N. SURENDRAN | 07.01.1960 | | | 212 | 659 | 28-04-1989 |
| 333 | C. KESAVAN | 07.03.1951 | | | 213 | 660 | 28-04-1989 |
| 334 | P.S. SURENDRAN | 09.02.1952 | | | 214 | 661 | 28-04-1989 |
| 335 | C.R. SURESH KUMAR | 30.05.1960 | | | 215 | 662 | 28-04-1989 |
| 336 | V.V. SISUPALAN | 28.10.1953 | | | 216 | 663 | 28-04-1989 |
| 337 | K. RAJAVARMA THAMPAN | 22.10.1958 | | | 217 | 664 | 28-04-1989 |
| 338 | G. SIVARAJAN | 10.11.1954 | | | 218 | 665 | 28-04-1989 |

**Sd/-**
**Director of Panchayats**